പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6652 09.11.16-ലെ മറുപടിക്ക്

"ചെറിയ ചെക്ക്പോസ്റ്റുകൾ വഴി വലിയ വാഹനങ്ങൾ"

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. ആൻസലൻ | | ശ്രീ.ടിഎം.തോമസ് ഐസക് (ധനകാര്യവും, കയറും വകുപ്പ് മന്ത്രി) | |
| (: | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ വലിയ ചെക്ക് പോസ്റ്റുകൾ ആയ അമരവിള, മാവിളക്കടവ്, ആറ്റുപുറം എന്നീ ചെക്ക്പോസ്റ്റുകൾ ഒഴികെ മറ്റ് ചെറിയ ചെക്ക് പോസ്റ്റുകൾ വഴി വലിയ വാഹനങ്ങൾ കടത്തി വിടുന്നത് (50,000 രൂപയിൽ അധികം വരുന്ന സാധനങ്ങൾ) അഴിമതി നടത്താൻ വേണ്ടിയാ ണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് ഒഴിവാക്കുന്നതിന് എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ അവ നടപ്പിൽ വരുത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | | എല്ലാ ചെക്ക്പോസ്റ്റുകൾ വഴിയും വരുന്ന ചരക്ക് വാഹനങ്ങളെ അതാത് ചെക്ക്പോസ്റ്റിലെ ഉദ്യോഗസ്ഥർ അവയുടെ രേഖകൾ പരിശോധിച്ചും ചരക്കുകൾ പരിശോധിച്ചും ഉറപ്പ് വരുത്തിയതിനു ശേഷമാണ് കടത്തിവിടുന്നത്. നിയമാനുസൃത മല്ലാതെ വരുന്ന ചരക്കുവാഹനങ്ങളുടെ മേൽ നടപടി സ്വീകരിക്കാറുണ്ട്. ഇക്കാര്യത്തിൽ അനുചിതവും നിയമവിരുദ്ധവുമായ കാര്യങ്ങൾ നടക്കുന്നുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ